REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 14-04-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ഭരണഘടനാ ശില്പി ഡോ. BR. അംബേദ്കറുടെ 135-ാം ജന്മവാർഷിക ദിനത്തിൽ രാഷ്ട്രം അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഹരിയാനയിൽ വിവിധ വികസനപദ്ധതികൾക്ക് തുടക്കമിടും.**
- **കണ്ണിനും മനസ്സിനും പൊൻകണിയുമായി മലയാളികൾ ഇന്ന് വിഷു ആഘോഷിക്കുന്നു. ക്ഷേത്രങ്ങളിൽ വൻ ഭക്തജനത്തിരക്ക്.**
- **ഇന്ന് ദേശീയ അഗ്നിരക്ഷാദിനം.**
- **IPL ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിനും റോയൽ ചലഞ്ചേഴ്സ് ബംഗളുരുവിനും ജയം.**

## വാർത്തകൾ വിശദമായി

ഭരണഘടനാ ശില്പി ഡോ. BR. അംബേദ്കറുടെ 135-ാം ജന്മവാർഷികദിനമായ ഇന്ന് രാഷ്ട്രം അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു.

രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, മന്ത്രിമാർ, പാർലമെന്റംഗങ്ങൾ തുടങ്ങിയവർ രാവിലെ ഡൽഹിയിലെ അംബേദ്കർ പ്രതിമയിൽ പുഷ്പാർച്ചന നടത്തും. അംബേദ്കർ ജയന്തിയോടനുബന്ധിച്ച് രാജ്യമെങ്ങും വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

ഡെസ്ക് റിപ്പോർട്ട്...

.....വോയ്സ്.......

സാമൂഹ്യ പരിഷ്കർത്താവ്, സാമ്പത്തിക വിദഗ്ധൻ, രാഷ്ട്രീയ പ്രവർത്തകൻ തുടങ്ങി വിവിധ രംഗങ്ങളിൽ സജീവ സാന്നിധ്യമായിരന്നു ഡോ. ഭീമാറാവു അംബേദ്കർ. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കെതിരെ സാമൂഹികവും ജാതിപരവുമായ വിവേചനം അവസാനിപ്പിക്കാൻ ജീവിതകാലം മുഴുവൻ അക്ഷീണം പ്രയത്നിച്ച അംബേദ്കർക്ക് 1990-ൽ രാജ്യം മരണാനന്തര ബഹുമതിയായി ഭാരതരത്ന നൽകി ആദരിച്ചു.

ഡോ. അംബേദ്കറുടെ ജന്മവാർഷിക ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ആശംസ നേർന്നു. പ്രചോദനാത്മക ജീവിതത്തിൽ, അങ്ങേയറ്റം ബുദ്ധിമുട്ടുകൾ നേരിട്ടെങ്കിലും അദ്ദേഹം തന്റേതായ വ്യക്തിത്വം സൃഷ്ടിച്ചുവെന്നും അസാധാരണ നേട്ടങ്ങളിലൂടെ ലോകമെങ്ങും ആദരവ് നേടിയെന്നും രാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു. സ്ത്രീകളുടെയും പിന്നാക്ക വിഭാഗങ്ങളുടെയും സാമ്പത്തികവും സാമൂഹ്യവുമായ അവകാശങ്ങൾക്കുവേണ്ടി ആജീവനാന്ത പോരാട്ടം നടത്തിയ അംബേദ്കറുടെ ആദർശങ്ങൾ, ജീവിതത്തിൽ സ്വീകരിക്കുമെന്നും സാമൂഹ്യ ഐക്യത്തിന്റെയും സമത്വത്തിന്റെയും ആത്മാവുൾക്കൊള്ളുന്ന രാഷ്ട്രം കെട്ടിപ്പടുക്കാൻ പ്രവർത്തിക്കുമെന്നും പ്രതിജ്ഞയെടുക്കാൻ രാഷ്ട്രപതി ആഹ്വാനം ചെയ്തു.

✪✪✪

അംബേദ്കർ ജയന്തിയോടനുബന്ധിച്ച് നെഹ്റു യുവ കേന്ദ്ര കോഴിക്കോടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് ഇന്ത്യൻ ഭരണഘടന - സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തിൽ ക്ലാസ് സംഘടിപ്പിക്കും. വിദ്യാർത്ഥികൾക്ക് ക്വിസ്സ് മത്സരവും ഭരണഘടനാ പ്രതിജ്ഞയും സ്വച്ഛത ശുചീകരണ പരിപാടികളും സംഘടിപ്പിക്കും.

✪✪✪

കോഴിക്കോട് ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നാളെ ഡോ. BR അംബേദ്ക്കർ അനുസ്മരണവും ഭരണഘടന സംരക്ഷണ സദസും സംഘടിപ്പിക്കും. 'ജയ് ബാപ്പു, ജയ് ഭീം, ജയ് സംവിധാൻ' എന്ന പേരിൽ രാവിലെ 10നാണ് പരിപാടി. പ്രതിപക്ഷ നേതാവ് VD സതീശൻ പങ്കെടുക്കും.

ബുധനാഴ്ച വൈകിട്ട് നാലിന് ജനപ്രതിനിധി - സഹകാരി സംഗമം കർണ്ണാടക റവന്യൂ മന്ത്രി കൃഷ്ണ ബൈര ഗൗഡ ഉദ്ഘാടനം ചെയ്യും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഹരിയാന സന്ദർശിക്കും. ഹിസാറിലും യമുനനഗറിലും വിവിധ വികസനപദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവഹിക്കും.

ഡെസ്ക് റിപ്പോർട്ട്.

(വോയ്സ്)

രാവിലെ ഹിസാറിലെത്തുന്ന പ്രധാനമന്ത്രി അയോധ്യയിലേക്ക് വാണിജ്യ വിമാന സർവീസ് ഫ്ലാഗ് ഓഫ് ചെയ്യും. ഹിസാർ വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കുന്ന നരേന്ദ്രമോദി പൊതുയോഗത്തെയും അഭിസംബോധന ചെയ്യും.

തുടർന്ന് യമുനനഗറിൽ പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യുന്ന അദ്ദേഹം വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും നിർവഹിക്കും. യമുനനഗറിലെ ദീൻബന്ധു ഛോട്ടു റാം താപവൈദ്യുത നിലയത്തിലെ 800 മെഗാവാട്ട് ആധുനിക താപവൈദ്യുത യൂണിറ്റിന്റെ ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവഹിക്കും.

ഗോബർധൻ പദ്ധതിയുടെ ഭാഗമായി മുകരബ്പൂരിൽ കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റിനും നരേന്ദ്രമോദി തറക്കല്ലിടും.

ഭാരത്മാല പരിയോജനയ്ക്ക് കീഴിൽ 1,070 കോടിയോളം രൂപ ചെലവിൽ നിർമിക്കുന്ന 14.4 കിലോമീറ്റർ റെവാരി ബൈപാസ് പദ്ധതിയും പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കും.

✪✪✪

കണ്ണിനും മനസ്സിനും പൊൻകണിയുമായി മലയാളികൾ ഇന്ന് വിഷു ആഘോഷിക്കുന്നു. കണിക്കൊന്നയും വെള്ളരിയും കൃഷ്ണവിഗ്രഹവുമായി വീടുകളിൽ ഇന്നലെത്തന്നെ കണി ഒരുക്കിയിരുന്നു. ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും പുതിയ കാലം പ്രതീക്ഷിക്കുന്ന ആഘോഷംകൂടിയാണ് വിഷു.

ഒരു വാങ്മയചിത്രം.

--------------(വോയ്സ്)-------------

മേട മാസ പുലരിയിൽ വിഷുക്കണിയും വിഷുക്കൈനീട്ടവുമായി വിരുന്നെത്തുന്ന ഐശ്വര്യമാണ് ഓരോ വിഷുവും. വിഷുവം എന്നാൽ തുല്യമായത് എന്നാണർത്ഥം . അതായത് രാത്രിയും പകലും തുല്യമായ ദിവസം. ഒപ്പം പഴയ പഞ്ചാംഗപ്രകാരം വർഷാരംഭം കൂടിയാണ് വിഷു.

കണി , കൈനീട്ടം എന്നീ സൗഭാഗ്യങ്ങളിൽ തുടങ്ങുന്ന ഈദിനം  വർഷം നിറയെ ഐശ്വര്യം കൊണ്ടുവരുമെന്നാണ് വിശ്വാസം.  തിന്മയ്ക്കു മേൽ നന്മയുടെ വിജയം കൂടിയാണ്  വിഷു. ശ്രീകൃഷ്ണൻ നരകാസുരനെ വധിച്ച ദിവസമാണിതെന്നും വിശ്വാസികൾ കരുതുന്നു.

വിഷുവിനെക്കുറിച്ച് മറ്റൊരു ഐതിഹ്യവും നിലവിലുണ്ട്. അസുരരാജാവായ രാവണൻ ലങ്ക ഭരിച്ചിരുന്നപ്പോൾ, സൂര്യനെ നേരിട്ട് ഉദിക്കാൻ അനുവദിച്ചിരുന്നില്ല. ശ്രീരാമൻ രാവണനെ വധിച്ചതിന്  ശേഷം സൂര്യൻ ഉദിച്ചതിന്റെ ആഹ്ലാദത്തിൽ ലങ്കയിലെ ജനങ്ങൾ വിഷു ആഘോഷിച്ചു തുടങ്ങിയെന്നാണ്  ആ ഐതിഹ്യം !

ഐതിഹ്യം എന്തായാലും വിഷു മലയാളിയുടെ പ്രതീക്ഷയാണ്. ഭാവിയിലെ സൗഭാഗ്യങ്ങളിലേക്ക് തിരി നീട്ടുന്ന ഒരു ദിനം. ലോകത്തിന്റെ ഏതുകോണിലായാലും കണിക്കൊന്നയും വിഷുക്കണിയും കൈനീട്ടവും കൊതിക്കാത്ത  മലയാളി ഇല്ല. എല്ലാവർക്കും ആകാശവാണി പ്രാദേശിക വാർത്താ വിഭാഗത്തിന്റെ വിഷു ആശംസകൾ.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ മലയാളികൾക്ക്  വിഷു ആശംസ നേർന്നു. ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും അടയാളപ്പെടുത്തലാണ് വിഷുവെന്നും അഭിവൃദ്ധിയുടെ നല്ല നാളുകൾക്കായി പ്രതീക്ഷകളും സ്വപ്നങ്ങളും പങ്കുവെക്കാൻ ഏവരും ഒത്തുകൂടുന്ന ആഘോഷ നിമിഷങ്ങളാണിതെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

വിഷുപ്പുലരിയിൽ ഭക്തി സാന്ദ്രമായി ശബരിമല സന്നിധാനം. പുലർച്ചെ നാലിനാരംഭിച്ച  വിഷുക്കണി ദർശനവും വിഷുകൈനീട്ടവും ഏഴുവരെ തുടരും. അയ്യപ്പ ചിത്രം ആലേഖനം ചെയ്ത സ്വർണ്ണ ലോക്കറ്റുകളുടെ വിതരണോത്ഘാടനം രാവിലെ മന്ത്രി VN വാസവൻ നിർവഹിക്കും.

ആകാശവാണി ജില്ലാ പ്രതിനിധി ശ്രീജി S ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്.

---------------(വോയ്സ്) ---------

മേടപ്പുലരിയിൽ സന്നിധാനത്ത് പുലർച്ചെ നാലിന് നട തുറന്നതുമുതൽ നല്ല തിരക്കാണ് അനുഭവപ്പെടുന്നത്. ഓട്ടുരുളിയിൽ ഒരുക്കിയ വിഷുക്കണിവിഭവങ്ങൾ അയ്യനെ കണി കാണിച്ചശേഷം ഭക്തർക്ക്  ദർശനം ആരംഭിച്ചു.  തന്ത്രി കണ്ഠര് രാജീവര്,  മേൽശാന്തി S. അരുൺകുമാർ നമ്പൂതിരി എന്നിവരുടെ നേതൃത്വത്തിൽ ഭക്തർക്ക് വിഷുകൈനീട്ടവും

നൽകുന്നുണ്ട്. വിഷുക്കണി ദർശനം 7 വരെ തുടരും. ഏഴിനു ശേഷം അഭിഷേകമുൾപ്പെടെ പൂജകളും നടക്കും.

ശ്രീകോവിലിൽ പൂജിച്ച അയ്യപ്പ ചിത്രം ആലേഖനംചെയ്ത സ്വർണ്ണ ലോക്കറ്റുകളുടെ വിതരണത്ഘാടനം രാവിലെ 8ന് മന്ത്രി VN വാസവൻ നിർവഹിക്കും. ഓൺലൈനിലൂടെ ആദ്യം ബുക്ക് ചെയ്ത ഭക്തരിൽ നിന്നും തെരെഞ്ഞെടുത്തയാൾക്കാണ് ആദ്യ ലോക്കറ്റ് കൈമാറുക.

പൂജകൾ പൂർത്തിയാക്കി ഈമാസം 18 ന് നട അടയ്ക്കും.

✪✪✪

ഗുരുവായൂർ ക്ഷേത്രത്തിൽ പുലർച്ചെ 2.45 മുതൽ 3.45 വരെയായിരുന്നു വിഷുക്കണി ദർശനം.

തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ പുലർച്ചെ മൂന്ന് മുതൽ 4.30 വരെ വിഷുക്കണി ദർശനം ഒരുക്കി.

✪✪✪

വിഷുവിനോടനുബന്ധിച്ച് കണ്ണൂർ ജില്ലയിലെ ക്ഷേത്രങ്ങളിലും പുലർച്ചെ മുതൽ വലിയ തിരക്കുണ്ട്. കണികാണുന്നതിന് നിരവധി പേർ ക്ഷേത്രങ്ങളിൽ എത്തിക്കൊണ്ടിരിക്കുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO.ശശിധരൻ.

........വോയ്സ്.........

ജില്ലയിലെ പ്രധാന ക്ഷേത്രങ്ങളിലെല്ലാം അതിരാവിലെ മുതൽ തന്നെ ഭക്തരുടെ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. ഇന്നലെ വൈകുന്നേരം പൊട്ടിച്ചു തുടങ്ങിയ പടക്കങ്ങൾ രാത്രി വൈകുവോളം നീണ്ടു. രാവിലെ കണി കണ്ടതിന് ശേഷവും വീടുകളിൽ നിന്ന് പടക്കമ പൊട്ടിക്കൽ തുടരുകയാണ്. വിഷുവിളക്കുത്സവം നടക്കുന്ന ചെറുകുന്ന് അന്നപൂർണേശ്വരി ക്ഷേത്രത്തിൽ പുലർച്ചെ നാല് മണിയോടെ തന്നെ വിഷുക്കണികാണാനായി ഭക്തരുടെ നീണ്ടനിര ദൃശ്യമായിരുന്നു. അടിയുത്സവം നടക്കുന്ന മാവിലാക്കാവ് ക്ഷേത്രത്തിലും വെടി വഴിപാടിന് പ്രാധാന്യമേറെയുള്ള കാപ്പാട്ക്കാവ് ക്ഷേത്രത്തിലും നിരവധിയാളുകളാണ് എത്തിക്കൊണ്ടിരിക്കുന്നത്. കടലായി ശ്രീകൃഷ്ണക്ഷേത്രം, തളിപ്പറമ്പ് തൃച്ചംബരം ക്ഷേത്രം, രാജരാജേശ്വര ക്ഷേത്രം, തലശ്ശേരി ജഗന്നാഥ ക്ഷേത്രം എന്നിവിടങ്ങളിലും തിരക്കനുഭവപ്പെടുന്നു

✪✪✪

കാസർഗോഡ് ജില്ലയിലെ ക്ഷേത്രങ്ങളിലും പുലർച്ചെ തന്നെ വൻ ഭക്തജന തിരക്കാണ്. കാസർകോട് മധൂർ സിദ്ധിവിനായക ക്ഷേത്രം, മല്ലികാർജ്ജുന ക്ഷേത്രം, കാഞ്ഞങ്ങാട് മഡിയൻ ക്ഷേത്രപാലക ക്ഷേത്രം, നീലേശ്വരം തളിയിൽ നീലകണ്ഠേശ്വര ക്ഷേത്രം, മന്ദംപുറം കാവ് എന്നിവിടങ്ങളിൽ വൻ ഭക്തജന തിരക്കാണ് അനുഭവപ്പെടുന്നത്.

✪✪✪

തമിഴ്നാട്ടിൽ പുതുവർഷാഘോഷമായ തമിഴ് പുത്താണ്ട് ഇന്ന്. സൗരകലണ്ടറിനെ ആധാരമാക്കിയാണ് ചിത്തിരൈ മാസത്തിന്റെ പിറവി കണക്കാക്കുന്നത്. പുത്താണ്ട് ആഘോഷത്തിന്റെ ഭാഗമായി ക്ഷേത്രങ്ങൾ സന്ദർശിക്കുകയും വീട്ടിൽ ആറ് രുചികളിൽ ഭക്ഷണം തയ്യാറാക്കി വാഴയിലയിൽ വിളമ്പുകയും ചെയ്യും.

✪✪✪

അപൂർവ്വ രോഗബാധിതരായ കുഞ്ഞുങ്ങളുടെ സമഗ്ര ആരോഗ്യ പരിപാലനത്തിന് ആവിഷ്ക്കരിച്ച കെയർ ചികിത്സാ പദ്ധതിയിലേക്ക് ഇന്നു മുതൽ വിഷു കൈനീട്ടം സ്വീകരിച്ച് തുടങ്ങുമെന്ന് മന്ത്രി വീണാജോർജ്ജ് അറിയിച്ചു. 12 വയസ് വരെ പ്രായക്കാരായ കുട്ടികൾക്ക് പദ്ധതിയിൽ സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. കോടികൾ ചെലവ് വരുന്ന ഇത്തരം ചികിത്സകൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുകയാണ് ലക്ഷ്യം.

✪✪✪

ഇന്ന് ദേശീയ അഗ്നിരക്ഷാദിനം. 1944 ഏപ്രിൽ 14ന് മുംബൈ തുറമുഖത്തെ വിക്ടോറിയ ഡോക്കിൽ നങ്കൂരമിട്ട ബ്രിട്ടീഷ് കപ്പലിലുണ്ടായ തീപ്പിടിത്തത്തിൽ ജീവത്യാഗം ചെയ്ത അഗ്നിരക്ഷാ സൈനികരുടെ ഓർമദിനമാണ് ദേശീയ അഗ്നിരക്ഷാ ദിനമായി ആചരിക്കുന്നത്.

✪✪✪

ആന്ധ്രാപ്രദേശിൽ അനകപ്പള്ളി ജില്ലയിലെ ഫാക്ടറി തീപ്പിടിത്തത്തിൽ മരിച്ചവരുടെ കുടുംബത്തിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് രണ്ടുലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും പ്രഖ്യാപിച്ചു. ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചിച്ചു.

✪✪✪

അതിരൂപതയായി ഉയർത്തപ്പെട്ട കോഴിക്കോട്ടെ പ്രഥമ ആർച്ച് ബിഷപ്പ് ഡോ. വർഗീസ് ചക്കാലക്കലിന് മുതിർന്ന കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി MP

ആശംസ നേർന്നു. ടെലിഫോണിൽ വിളിച്ച പ്രിയങ്ക ആർച്ച് ബിഷപ്പിന് ഈസ്റ്റർ ആശംസയറിയിച്ചു.

ആർച്ച് ബിഷപ്പിന് മുസ്ലിം ലീഗ് നേതാവ് MK മുനീർ MLA സ്നേഹോപഹാരം നൽകി. BJP സംസ്ഥാന ജനറൽ സെക്രട്ടറി MT.രമേശും ആർച്ച് ബിഷപ്പിനെ സന്ദർശിച്ച് ആശംസ നേർന്നു.

✪✪✪

IPL ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിനും റോയൽ ചലഞ്ചേഴ്സ് ബംഗളുരുവിനും ജയം. ജയ്പൂരിൽ ആദ്യ മത്സരത്തിൽ രാജസ്ഥാൻ റോയൽസിനെ 9 വിക്കറ്റിനാണ് ബംഗളുരു പരാജയപ്പെടുത്തിയത്. രണ്ടാം മത്സരത്തിൽ ഡൽഹിയിൽ മുംബൈ ഇന്ത്യൻസ് 12 റൺസിന് ഡൽഹി കാപ്പിറ്റൽസിനെ പരാജയപ്പെടുത്തി.

ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് ലക്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ലക്നൗവിലാണ് മത്സരം.

✪✪✪

മുൻ ഇന്ത്യൻ ക്യാപ്റ്റൻ സൗരവ് ഗാംഗുലിയെ ICC പുരുഷ ക്രിക്കറ്റ് കമ്മിറ്റിയുടെ ചെയർമാനായി വീണ്ടും നിയമിച്ചു. പാനൽ അംഗമായി മുൻ താരം VVS ലക്ഷ്മണും തിരഞ്ഞെടുക്കപ്പെട്ടു.

✪✪✪

കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടന്ന ഇന്ത്യൻ വനിതാ ഫുട്ബോൾ അവസാന ഹോം മത്സരത്തിൽ ഗോകുലം കേരള FC, നിത FCയെ ഒന്നിനെതിരെ നാല് ഗോളുകൾക്ക് പരാജയപ്പെടുത്തി.

13 മത്സരങ്ങളിൽ നിന്ന് 29 പോയിന്റ് നേടിയ ഗോകുലം പോയിന്റ് പട്ടികയിൽ രണ്ടാമതാണ്. ഈസ്റ്റ് ബംഗാളാണ് ഒന്നാം സ്ഥാനത്ത്.

ലീഗിൽ ശേഷിക്കുന്ന മത്സരത്തിൽ ഗോകുലം കേരള ഈസ്റ്റ് ബംഗാൾ FC-യെ നേരിടും. വെള്ളിയാഴ്ച ഈസ്റ്റ് ബംഗാൾ ഗ്രൗണ്ടിലാണ് മത്സരം.

✪✪✪

*News Reader : രജ്ന കെ ആസാദ്,*
*News Team: ഫസ്ന ഫാത്തിമ, ഹബീബ് റഹ്മാൻ*
*DEO : സി കെ സുബോധ്*